ടി എ(1) 45286/17

കാർഷികവികസനകർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
21/7/18

## സർക്കുലർ

വിഷയം: തൃശ്ശൂർ അരിമ്പൂർ കൃഷി ഭവനിലെ മുൻ കൃഷി ഓഫീസർമാർക്കെതിരായ അച്ചടക്ക നടപടിയെ തുടർന്നുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്-

സൂചന: 1. 11/5/17 ലെ കൃഷി (ഇ എ) വകുപ്പിൽ നിന്നുള്ള 282/ഇ എ 3/14/കൃഷി എന്ന നമ്പർ കത്ത്.

2. കുറിപ്പ് നമ്പർ എസ് വി സി (2) 1771/14 തീയതി 12/07/2018

വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20/9/14 ലെ E8/(QV31/14/TSR)/929/2014 നമ്പർ സത്വര അന്വേഷണറിപ്പോർട്ട് പ്രകാരം തൃശ്ശൂർ അരിമ്പൂർ കൃഷി ഭവന്റെ പരിധിയിൽപെടുന്ന മനക്കൊടി വെളുത്തൂർ പാടശേഖരസമിതി സബ്സിഡിത്തുക വിതരണത്തിൽ നടത്തിയ തിരിമറിയുടെ അടിസ്ഥാനത്തിൽ സബ്സിഡി വിതരണത്തിൽ കൂടുതൽ ജാഗ്രത പാലിക്കുവാനും കൃത്യമായ ശ്രദ്ധ ചെലുത്തുവാനും എല്ലാ കൃഷി ഭവനുകൾക്കും കർശന നിർദ്ദേശം നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ കൃഷി ഭവനുകൾക്കും ചുവടെ പറയുന്ന കാര്യങ്ങളിൽ കർശനനിർദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു.

തൃശ്ശൂർ അരിമ്പൂർ കൃഷി ഭവന്റെ പരിധിയിൽപെടുന്ന മനക്കൊടി വെളുത്തൂർ പാടശേഖരസമിതി മരണപ്പെട്ടുപോയവരുടെ പേരിലും ഭൂമി ഇല്ലാത്തവരുടെ പേരിലും വളം സബ്സിഡി, ഉല്പാദക ബോണസ്, പമ്പിങ് സബ്സിഡി എന്നിവ മാറുന്നതിനുള്ള ക്ലെയിം നൽകുകയും, കൃഷി ഓഫീസർ അതു കൂടുതൽ പരിശോധനകളൊന്നും നടത്താതെ അംഗീകരിച്ച് തുകകൾ സമിതിക്കു നൽകുകയും ചെയ്തതായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ കണ്ടെത്തിയിട്ടുണ്ട്. സബ്സിഡി പാടശേഖരസമിതിയുടെ അക്കൗണ്ടിലേക്കായിരുന്നു മാറി നൽകിയിരുന്നത്. ആയതിനാൽ, കൃത്യമായ പരിശോധന യഥാസമയങ്ങളിൽ നടത്തി മാത്രമേ ആനുകൂല്യങ്ങൾ വിതരണം നടത്താവൂ എന്നും സബ്സിഡി വിതരണത്തിൽ അതീവ ജാഗ്രത പാലിക്കുവാനും കൃത്യമായ ശ്രദ്ധ ചെലുത്താനും എല്ലാ കൃഷി ഓഫീസർമാർക്കും ഇതിനാൽ കർശനനിർദ്ദേശം നൽകുന്നു.

ഒപ്പ്
കൃഷി ഡയറക്ടർ

Deputy Director of Agriculture (CD)
Agricultural Development and
Farmers Welfare Directorate
Vikas Bhavan, Tvm - 33

സ്വീകർത്താവ്

1. എല്ലാ പി എ ഓ മാർക്കും
2. എല്ലാ എ ഡി എ മാർക്കും
3. എല്ലാ കൃഷി ഓഫീസർമാർക്കും(പി എ ഓ മുഖേന)
4. TA to DA
5. CA to Addl DA(CP)
6. IT cell for publishing in website
7. SVC(2 ) Sn (File No 1771/14